മേൽപ്പടി ബണ്ട് ഇന്ന് അളന്ന് കല്ലിട്ടിട്ടുള്ള രീതിയിൽ വീതികൂട്ടുകയോ ബലപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. ഇപ്പോഴും യാതൊരു കുഴപ്പവുമില്ലെന്നാണ് ഗവൺമെൻറിന്റെ നിലപാട്. എന്തായാലും ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിക്കാം.

4. പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽ പീച്ചിയിൽ പ്രവർത്തിക്കുന്ന കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അത് കേരളത്തിന്റെ മൊത്തം വരുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനം ഒരു സ്വയംഭരണസ്ഥാപനമാക്കണമെന്ന് ഞാൻ ഈ സഭയിൽ ഒരു സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നതാണ്. അന്നത്തെ ഇറിഗേഷൻ മന്ത്രിയായിരുന്ന ശ്രീ. എം. പി. ഗംഗാധരൻ, കെ.ഇ.ആർ.ഐ. യുടെ പ്രവർത്തനത്തെയും പ്രാധാന്യത്തേയും കണക്കിലെടുത്ത് അത് ഒരു സ്വയം ഭരണസ്ഥാപനമാക്കുന്നതിന് തീരുമാനിച്ചിരുന്നതാണ്. അവിടെ തന്നെ അതിന് തൊട്ടടുത്തു പ്രവർത്തിക്കുന്ന കെ.എഫ്.ആർ.ഐ. ഒരു സ്വതന്ത്രസ്ഥാപനമാണ്. വന ഗവേഷണരംഗത്തുള്ള അതിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടക്കുന്നു. അതേസമയം കെ.ഇ.ആർ.ഐ. യുടെ പ്രവർത്തനം മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ വിദഗ്ദ്ധരായ എഞ്ചിനീയർമാർക്കും ശാസ്ത്രജ്ഞൻമാർക്കും ഈ രാജ്യത്തെ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്തണം. അതിനു വേണ്ടി കെ.ഇ.ആർ.ഐ. യെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട രാഘവൻ പൊഴക്കടവിലിന്റെ നിയോജകമണ്ഡലത്തിലുള്ള പീച്ചിയിലെ എല്ലാ സ്വതന്ത്ര സ്ഥാപനങ്ങളും മിക്കവാറും ഏകോപിപ്പിക്കാൻ പോവുകയാണ്. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോസ്റ്റൽ എറോഷൻ സ്റ്റഡി സർക്കിൾ, വാട്ടർ റിസോഴ്സസ് സർക്കിൾ, സെൻട്രൽ ഡിസൈൻ ഓർഗനൈസേഷൻ ഇവയെല്ലാംതന്നെ ഏകോപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇറിഗേഷൻ റിസർച്ച് ആന്റ് ഡിസൈൻ ബോർഡ് രൂപീകരിക്കാനുള്ള ആ വിഷയം ക്യാബിനറ്റിന്റെ പരിഗണനയിലിരിക്കുകയാണ്. ഉടൻതന്നെ മിക്കവാറും അതിന് രൂപം കൊടുക്കാൻ കഴിയും.

5. മയ്യനാട്ടു പ്രദേശത്തെ കടലാക്രമണം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന മയ്യനാട് താന്നി പ്രദേശത്ത് കടലാക്രമണം കഴിഞ്ഞ ജൂൺ മാസാവസാനത്തിൽ വളരെ രൂക്ഷമായി ഉണ്ടായിരുന്നു. ചില കുടിലുകളൊക്കെ ഒഴുകിപ്പോയി, ധാരാളം തെങ്ങുകൾ പിഴുതുവീണു, കടൽഭിത്തി പലയിടത്തും മണ്ണിനടിയിൽ വീണുപോയിട്ടുണ്ട്. ഇതുവരെയും ഈ പ്രദേശത്തെ കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇന്നും കടൽ ഏതു സമയവും ആക്രമിക്കപ്പെടാവുന്ന സ്ഥിതിയിലാണ്. ഈ കടൽഭിത്തിയ്ക്കു ഇടയിൽ

LIBRARY ARCHIVES Kerala Legislative Assembly